നമ്പർ എം.റ്റി(1)41338/2017

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 11-01-2018

## സർക്കുലർ നമ്പർ.3/2018

വിഷയം:- സഹകരണ വകുപ്പ് - ഇമ്പിച്ചിബാവ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ സൊസൈറ്റി ക്ലിപ്തം നമ്പർ.എം.841-ന്റെ 'സി' ക്ലാസ് ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 10.10.2017-ലെ എച്ച്.എം. സി.8328/17 നമ്പർ കത്ത്.

------

ഇമ്പിച്ചിബാവ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ സൊസൈറ്റി ക്ലിപ്തം നമ്പർ.എം.841-ന്റെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കുന്ന തിലേയ്ക്കായി മലപ്പുറം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിലെ 'സി' ക്ലാസ് ഓഹരി എടുക്കുന്നതിന് അനുവാദത്തിനായി സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി സംഘത്തിന്റെ നിയമാവലി 8(3) പ്രകാരം മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിന്റെ ഓഹരി എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. സൂചന പ്രകാരം മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ടി സംഘത്തിന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ അപേക്ഷയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ഇമ്പിച്ചിബാവ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ സൊസൈറ്റി ക്ലിപ്തം നമ്പർ.എം.841-ന്റെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്ക് വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരാത്തതുമായ മലപ്പുറം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണസമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഇമ്പിച്ചിബാവ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ സൊസൈറ്റി ക്ലിപ്തം നമ്പർ.എം.841-ന്റെ 'സി ക്ലാസ് ഓഹരി എടുക്കുന്നതിന് ഇതിനാൽ അനുവാദം നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
സി.എം. അജേയ്യമോഹൻ,
സഹകരണ സംഘം രജിസ്ട്രാർ(ഇൻ ചാർജ്).

സെക്രട്ടറി,
ഇമ്പിച്ചിബാവ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ &
റിസർച്ച് സെന്റർ സൊസൈറ്റി ക്ലിപ്തം നമ്പർ.എം.841,
ചമ്രവട്ടം റോഡ്, ആലത്തിയൂർ, തിരൂർ, മലപ്പുറം-676102

പകർപ്പ്:-
1) ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം.
2) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), മലപ്പുറം.
3) എഡിറ്റർ, സഹകരണ വീഥി/ജേർണൽ.
4) കരുതൽ ഫയൽ.
5) അധികം.

ആജ്ഞാനുസരണം,

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി./എം.റ്റി)

ഡിജി